കേരള സർക്കാർ

**സംഗ്രഹം**

പെൻഷൻ — ശ്രീ.ഡി.ത്രിവിക്രമൻ നായർക്ക് പെൻഷൻ കുടിശ്ശിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ - എ) വകുപ്പ്**

സ.ഉ(സാധാ)നം.**7509**/2018/ധന. തിരുവനന്തപുരം, തീയതി.**07/09/2018**.

---

പരാമർശം : -(1) ശ്രീ.ഡി.ത്രിവിക്രമൻ നായരുടെ 27/06/2018 – ലെ അപേക്ഷ.

**ഉത്തരവ്**

31/05/2005 -ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ വിരമിച്ച തന്റെ 01/06/2005 മുതൽ 14/05/2017 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന് ശ്രീ.ഡി.ത്രിവിക്രമൻ നായർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടിയാൻ മെന്റൽ ഡിപ്രഷൻ ചികിത്സയുമായി ബന്ധപ്പെട്ട് ചികിത്സയിലായിരുന്നത് കാരണമാണ് പെൻഷൻ അപേക്ഷ നൽകുന്നതിന് കാലതാമസം ഉണ്ടായതെന്ന് അറിയിച്ചിരുന്നു. കൂടാതെ ടിയാന്റെ ലിവർ സീറോസിസ് എന്ന അസുഖവുമായി ബന്ധപ്പെട്ട് കരൾ മാറ്റിവെയ്ക്കുന്നതിന് ഭീമമായ തുക ആവശ്യമാണെന്നും അറിയിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം ശ്രീ.ഡി.ത്രിവിക്രമൻ നായർക്ക് 01/06/2005 മുതൽ 14/05/2017 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.പ്രസ്തുത പെൻഷൻ നൽകുന്നതിനാവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-101-99" പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ.**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്: -

1. അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പൊതുമരാമത്ത് (ബി) വകുപ്പ്(E – 297413/PWD – B2/90/PWD)
5. ശ്രീ.ഡി.ത്രിവിക്രമൻ നായർ.ഡി,നീരുറ്റ് ഹിൽസ്,ആയൂർ, കൊട്ടാരക്കര.പി.ഒ, പിൻ – 691533.
6. The Nodal Officer, www.finance.kerala.gov.in.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E355165)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**